# കേരളസർവകലാശാല

നം.പി.ആർ.206/2022

# പത്രക്കുറിപ്പ്

## കേരളസർവകലാശാല: 2022 ഒക്ടോബർ 3 ന് നടത്താനിരുന്ന പരീക്ഷകൾ മാറ്റി

കേരളസർവകലാശാല 2022 ഒക്ടോബർ 3 ന് നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും (തിയറി, പ്രാക്ടിക്കൽ & വൈവ വോസി) മാറ്റിവച്ചു. പുതുക്കിയ പരീക്ഷാത്തീയതികൾ പിന്നീട് അറിയിക്കുന്നതാണ്.

## എം.ബി.എ. (ഫുൾടൈം) – സ്പോട്ട് അഡ്മിഷൻ ഒക്ടോബർ 7 ലേക്ക് മാറ്റി

കേരളസർവകലാശാലയുടെ വിവിധ മാനേജ്മെന്റ് പഠനകേന്ദ്രങ്ങളിൽ (യു.ഐ.എം.) എം.ബി.എ. (ഫുൾടൈം) കോഴ്സിലേക്ക് 2022 – 23 വർഷത്തെ പ്രവേശനത്തിനായി 2022 ഒക്ടോബർ 3 ന് നടത്താൻ നിശ്ചയിച്ചിരുന്ന സ്പോട്ട് അഡ്മിഷൻ 2022 ഒക്ടോബർ 7 ന് അതതു കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല 2022 മാർച്ചിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ബി.എൽ, 2022 ഫെബ്രുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.ബി.എൽ. പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2022 ഒക്ടോബർ 17 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ ബി.എ.ഇംഗ്ലീഷ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (133), ബി.എസ്‌സി. കെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ കെമിസ്ട്രി (241), ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (328) (സപ്ലിമെന്ററി – 2016 അഡ്മിഷൻ, മേഴ്സിചാൻസ് – 2015 അഡ്മിഷൻ), മെയ് 2022 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 10 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## തീയതി നീട്ടി

കേരളസർവകലാശാല 2022 സെപ്റ്റംബർ 3 ന് പ്രസിദ്ധീകരിച്ച ബി.എൽ.ഐ.എസ്‌സി. (എസ്.ഡി.ഇ. – റെഗുലർ 2020 അഡ്മിഷൻ, സപ്ലിമെന്ററി – 2017 അഡ്മിഷൻ മുതൽ) പരീക്ഷാഫലത്തിൽ പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 7 വരെ അപേക്ഷിക്കാം.

## പരീക്ഷാഫീസ്

കേരളസർവകലാശാല നടത്തുന്ന അഡ്വാൻസ്ഡ് പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ (എ.പി.ജി.ഡി.ഇ.സി.), നവംബർ 2022 പരീക്ഷയ്ക്ക് പിഴകൂടാതെ ഒക്ടോബർ 7 വരെയും 150 രൂപ പിഴയോടെ ഒക്ടോബർ 12 വരെയും 400 രൂപ പിഴയോടെ ഒക്ടോബർ 14 വരെയും നേരിട്ട് അപേക്ഷിക്കാം.

## <u>സൂക്ഷ്മപരിശോധന</u>

കേരളസർവകലാശാല 2021 ഡിസംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എസ്‌സി. പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡും ഹാൾടിക്കറ്റുമായി 2022 ഒക്ടോബർ 1 മുതൽ 10 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ബി.എസ്‌സി. റീവാല്യുവേഷൻ സെക്ഷനിൽ ഇ.ജെ.II (രണ്ട്) ഹാജരാകേണ്ടതാണ്.

## <u>കേരളസർവകലാശാല: ഒന്നാം വർഷ ബിരുദ പ്രവേശനം – 2022 എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് സ്പോട്ട് അലോട്ട്മെന്റ് – തിരുവനന്തപുരം, മേഖലയിലെ കോളേജുകൾ ഒക്ടോബർ 3 നും കൊല്ലം, ആലപ്പുഴ, പത്തനംതിട്ട മേഖലകളിലെ കോളേജുകൾ ഒക്ടോബർ 6 നും</u>

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/ സ്വാശ്രയ/ യു.ഐ.റ്റി./ ഐ.എച്ച്.ആർ.ഡി. കോളേജുകളിലെ ഒന്നാം വർഷ ബിരുദ കോഴ്സുകളിൽ ഒഴിവുള്ള എസ്.സി/എസ്.ടി സംവരണ സീറ്റുകളിലേയ്ക്ക് അതാത് വിഭാഗങ്ങൾക്ക് മേഖല തലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു.

| മേഖല | തീയതി | സ്ഥലം |
|---|---|---|
| തിരുവനന്തപുരം മേഖലയിലെ കോളേജുകൾ | ഒക്ടോബർ 3 | സെനറ്റ്ഹൗസ്, പാളയം |
| കൊല്ലം, ആലപ്പുഴ, പത്തനംതിട്ട മേഖലകളിലെ കോളേജുകൾ | ഒക്ടോബർ 6 | എസ്. എൻ കോളേജ്, കൊല്ലം. |

വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ട് സഹിതം മുകളിൽ പറഞ്ഞിരിക്കുന്ന സെന്ററുകളിൽ രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സമയം 8 മണി മുതൽ 10 മണി വരെ. ടി സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളൂ. ഏതെങ്കിലും കാരണത്താൽ ഹാജരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾ സാക്ഷ്യപത്രം (authorization letter) നൽകി രക്ഷകർത്താവിനെ അയക്കാവുന്നതാണ്.

നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ഉണ്ടായിരിക്കണം. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. ഇതു വരെ അഡ്മിഷൻ ഫീ അടയ്ക്കാത്ത വിദ്യാർഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസിനത്തിൽ 930 അടയ്ക്കേണ്ടതാണ്. ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല. മുൻപ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതേണ്ടതാണ്.

വിവിധ മേഖലകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടെ വിവരം, ഒഴിവുള്ള സീറ്റുകളുടെ വിവരം എന്നിവ സർവകലാശാല വെബ്സൈറ്റിൽ (https://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കുന്നതാണ്.

തിരുവനന്തപുരം,
30.09.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**